**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **17-03-2025 - ൽ മറുപടിയ്ക്ക്**

**കാൻസർ മരുന്നുകളുടെ അമിത വില ഒഴിവാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ മരുന്നുകളുടെ അമിത വിലയിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (എ) | കേരളത്തിലുടനീളമുള്ള ക്യാൻസർ രോഗബാധിതരായ സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്യാൻസർ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ "കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter"-കൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ആരംഭിച്ചു. നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter-കൾ പ്രവർത്തിക്കുന്നു. |
| (ബി) | കാരുണ്യ സ്പർശം പദ്ധതി വഴി എത്ര കോടി രൂപയുടെ മരുന്ന് വിൽപ്പനയാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | "കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter" മുഖേനെ, 28.02.2025 വരെ 1,76,78,554 രൂപ വില വരുന്ന മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സീറോ പ്രോഫിറ്റ് കൗണ്ടറുകൾ മുഖാന്തിരം 57,93,963 രൂപയ്ക്ക് രോഗികളിൽ എത്തിക്കാൻ കഴിഞ്ഞു. ഇതിൽ നിന്നും 28.02.2025 വരെ 1,18,84,591 രൂപയുടെ നേട്ടമാണ് രോഗികൾക്കായി ലഭ്യമായിരിക്കുന്നത്. |
| (സി) | കാരുണ്യ സ്പർശം കൗണ്ടറുകൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉള്ളത്; ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter-കൾ പ്രവർത്തിക്കുന്നു.<br>ജില്ല കാരുണ്യകമ്മ്യൂണിറ്റി ഫാർമസി<br><br>തിരുവനന്തപുരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br><br>കൊല്ലം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ഗവ.വിക്ടോറിയ ആശുപത്രി, കൊല്ലം |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, പത്തനംതിട്ട<br><br>ആലപ്പുഴ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br><br>കോട്ടയം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോട്ടയം<br><br>ഇടുക്കി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, നെടുങ്കണ്ടം<br><br>എറണാകുളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, കളമശ്ശേരി<br><br>തൃശ്ശൂർ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ<br><br>പാലക്കാട്, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, പാലക്കാട്<br><br>മലപ്പുറം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, തിരൂർ, മലപ്പുറം<br><br>കോഴിക്കോട്, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോഴിക്കോട്<br><br>വയനാട്, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, മാനന്തവാടി<br><br>കണ്ണൂർ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, പരിയാരം<br><br>കാസർഗോഡ്, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, കാസർഗോഡ്.<br><br>ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ